3547
17/2/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) സമർപ്പിക്കുന്നത് 2017-18 സാമ്പത്തിക വർഷം മുതൽ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.79/2017/ധന തിരുവനന്തപുരം, തീയതി : 14.02.2017**

പരാമർശം:- 1. 24.02.2011 ലെ സ.ഉ(സാധാ) നം.1366/2011/ധന

2. 29.02.2016 ലെ സ.ഉ(സാധാ) നം.1898/2016/ധന

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് സംബന്ധമായ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി എയിംസ് സോഫ്റ്റ്-വെയർ നടപ്പിലാക്കുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. അതിന്റെ ഭാഗമായി ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ എയിംസ് മുഖേന ഇ-സബ്മിഷൻ നടത്തുന്നത് സംബന്ധിച്ച് 28.12.2015 ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന അവലോകന യോഗത്തിൽ സർവ്വകലാശാലകളുടെ കണക്കുകൾ വകുപ്പിന് സമർപ്പിക്കുന്നത് സമന്വയിപ്പിക്കുന്നതിനും വാർഷിക ധനകാര്യപത്രികയുടെ സമർപ്പണം സുഗമമാക്കുന്നതിനുമായി ഒരു ഏകീകൃത ഫോർമാറ്റ് രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ആയതിന് പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം രൂപീകരിച്ച സ്റ്റാന്റേർഡൈസേഷൻ കമ്മിറ്റി എല്ലാ സർവ്വകലാശാലകളുടേയും ഫിനാൻസ് ഓഫീസർമാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 'F2' ലെവലിൽ ഒരു പൊതുഫോർമാറ്റ് രൂപീകരിക്കുകയും 09.09.2016 -ൽ ചേർന്ന സ്റ്റാന്റേർഡൈസേഷൻ കമ്മിറ്റിയുടെ അഞ്ചാമത് യോഗത്തിൽ സർവ്വകലാശാലകളുടെ കണക്കുകൾ എയിംസിലൂടെ സമർപ്പിക്കുന്നതിന് ടി ഫോർമാറ്റ് സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ അനുശാസിക്കുന്ന പ്രകാരവും കെ.എഫ്.സി വാല്യം I, ആർട്ടിക്കിൾ 209, 210 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും സർവ്വകലാശാലകളുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതോടൊപ്പം 2017-18 സാമ്പത്തിക വർഷം മുതൽ എല്ലാ സർവ്വകലാശാലകളും തങ്ങളുടെ വാർഷിക ധനകാര്യ പത്രിക ഈ ഏകീകൃത ഫോർമാറ്റ് പ്രകാരം എയിംസിലൂടെ (AIMS) നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.എം.ജാഫർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ് (08.02.2017 ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പുകൾ ഇനം നം697 പ്രകാരം)
✓വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## ANNUAL FINANCIAL STATEMENT - SUMMARY FORMAT FOR UNIVERSITIES OF KERALA STATE FOR THE YEAR ------------------

Name of the University:-----------------------------------------------------------------------------------------------------------

| Sl. No. | 1st Level | 2nd Level | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| (A) | OPENING BALANCE | | | | | | | | |
| (B) | RECEIPTS: | | | | | | | | |
| 1 | INTERNAL REVENUE | Academic income | | | | | | | *All items of fees from students, excl - Caution Deposits; Hostel fees & Exam related fees. Question then is, where should hostel fees go? It is too small to merit separate listing.* |
| | | Examination income | | | | | | | *Sizeable income is received from issue of certificates/extracts/marklists/transcripts etc to students - all exam related though* |
| | | Affiliation fee | | | | | | | |
| | | Recognition fee | | | | | | | *Fee collected from Recognized instns. Fee collected from students for recognition of Qualifying exam (small amount) to come under 'Academic income'* |
| | | Administration Overheads | | | | | | | |
| | | Project Overheads | | | | | | | |
| | | Rental income | | | | | | | |
| | | Interest income | | | | | | | |
| | | Consultancy share | | | | | | | |
| | | Income from publications | | | | | | | |
| | | Income from Farm activities | | | | | | | *Farm produce, Sale of vegetables, University properties, College Properties,Milk,testing fee.... fish sale, fish seed sale and sale of other farm products; income from Revolving Fund etc...* |
| | | Income from Extension Activities | | | | | | | |
| | | Distance Education programmes | | | | | | | |
| | | Misc/ Other income | | | | | | | *Usufructs; Library related fees; Sale of newspapers/mags; Cost of tender forms; RTI fees; Bus pass;+ all other items not included above* |

| Sl. No. | 1st Level | 2nd Level* | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| 2 | RECURRING GRANTS | State Govt. - annual grants | | | | | | | |
| | | Other agencies - (if any) | | | | | | | *Presently, annual recurring grants are not being received from any other source* |
| 3 | GENERAL DEVELOPMENT ASSISTANCE | UGC XI plan | | | | | | | *Residual payments of XI plan may still be due to Universities.* |
| | | UGC XII plan | | | | | | | *If same funding pattern of UGC continues in future, we may have to later add XIII, XIV plan etc & delete the earlier ones....* |
| | | ICAR GDA | | | | | | | *As UGC providing grants to Universities under Higher Education Department, ICAR is providing grants to KAU. Therefore ICAR may be incorporated as a separate 2nd level item under the following items: B. Receipts > 3.General Development Assistance* |
| 4 | OTHER GRANTS | State Govt | | | | | | | *eg. RIDF; RUSA; ACA; UGC arrears; Inter-Uty Centres; Tech Incubation Centre; NSS; etc....* |
| | | UGC | | | | | | | *Items not falling under General Development Assistance; Scholarships/Fellowships; Research Schemes/Projects* |
| | | ICAR | | | | | | | *As UGC providing grants to Universities under Higher Education Department, ICAR is providing grants to KAU. Therefore ICAR may be incorporated as a separate 2nd level item under the following items: B. Receipts > 4.Other Grants* |
| | | Other GOI agencies | | | | | | | *It will be a source-wise listing - MHRD; DST; DOE; BDT; MoES; ICAR; ICSSR; NBHM; DAE; MoEF; etc......* |
| | | Others | | | | | | | *Sources not strictly falling in the above 3 categories* |
| 5 | GRANTS FOR SCHOLARSHIPS/ FELLOWSHIPS | State Govt | | | | | | | |
| | | UGC | | | | | | | |
| | | ICAR | | | | | | | *As UGC providing grants to Universities under Higher Education Department, ICAR is providing grants to KAU. Therefore ICAR may be incorporated as a separate 2nd level item under the following items: B. Receipts > 5.Grants for Scholarship/Fellowships* |
| | | Other GOI agencies | | | | | | | |
| | | Others | | | | | | | |

| Sl. No. | 1st Level | 2nd Level | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| 6 | <u>CHAIRS/ ENDOWMENTS (NEW/INTEREST)</u> | Chairs | | | | | | | |
| | | Endowments | | | | | | | |
| 7 | <u>RESEARCH SCHEMES & PROJECTS</u> | State Govt | | | | | | | |
| | | UGC | | | | | | | |
| | | ICAR | | | | | | | *As UGC providing grants to Universities under Higher Education Department, ICAR is providing grants to KAU. Therefore ICAR may be incorporated as a separate 2nd level item under the following items: B. Receipts > 7.Research Schemes and Projects* |
| | | Other GOI agencies | | | | | | | |
| [illegible] | [illegible] | [illegible] | | | | | | | |
| | | NPS | | | | | | | |
| | | University related | | | | | | | *Loans & Advances given to employees and Depts. from the Uty. fund* |
| | | Govt./External agencies | | | | | | | *IT; Sales tax; KSCWWF; Prof. tax; loan recoveries payable to banks, Coop societies, Court attachment; EMD, including Caution Deposits from students* |
| | | Refundable Deposits | | | | | | | *All receipts in the nature of Refundable Deposits....EMD; Caution Deposits from students etc...* |
| | | Refund - Revolving Fund corpus | | | | | | | *Applicable to Utys operating Revolving Funds* |
| 9 | <u>OTHERS</u> | | | | | | | | *A buffer/ omnibus head.....to accommodate any item of receipt not fitting into any of the above major heads Just in case........* |
| 10 | <u>SELF-FINANCING INSTITUTIONS</u> | Internal revenue | | | | | | | |
| | | Others | | | | | | | |
| | | Debt Heads | | | | | | | |
| **TOTAL - B (RECEIPTS)** | | | | | | | | | |

| Sl. No. | 1st Level | 2nd Level | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| (C) | **PAYMENTS:** | | | | | | | | |
| 1 | **PAY & ALLOWANCES** | Salary | | | | | | | |
| | | Contract salary | | | | | | | |
| | | Daily wages | | | | | | | |
| | | Honorarium | | | | | | | *All types to honorarium to all categories of staff, including Guest lecturers* |
| 2 | **PENSIONARY CHARGES** | Monthly/family pension | | | | | | | |
| | | DCRG | | | | | | | |
| | | Commuted Pension | | | | | | | |
| | | Terminal EL surrender | | | | | | | |
| | | Universities Contribution to NPS | | | | | | | |
| | | Contribution to Uty. Pension Fund | | | | | | | |
| 3 | **ACADEMIC EXPENSES** | | | | | | | | *Sum total of the expenses of all academic depts+ library+any other academic related activities (less) salary component* |
| | | Services | | | | | | | *Printing/binding; Communication; Repair/Maint.,Postage* |
| | | Purchases | | | | | | | *Computers/Equipment; Books/Journals/Periodicals; Stationeries; Chemicals & Glassware; Other lab consumables;* |
| | | Activities | | | | | | | *Seminars/Conferences; academic admissions; Publications; Conduct of short term courses* |
| | | Others | | | | | | | *Al other expenses of the academic Depts, not covered above* |
| 4 | **EXAMINATION EXPENSES** | | | | | | | | *Total Examination related expenses (less) salary component* |
| | | Conduct of exams | | | | | | | |
| | | Valuation charges | | | | | | | |
| | | Confidential charges | | | | | | | |
| | | Travel & other allowances | | | | | | | |
| | | Printing/Binding charges | | | | | | | |
| | | Computers/Equipments | | | | | | | |
| | | Stationeries & Consumables | | | | | | | |
| | | Repair/maintenance | | | | | | | |
| | | Others | | | | | | | |

| Sl. No. | 1st Level | 2nd Level | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| 5 | **ADMINISTRATION EXPENSES** | Electricity | | | | | | | *Admn Office + Engg Dept + all other non-academic depts (less) Exam wing; Physical education; Student Welfare; Hostels* |
| | | Water | | | | | | | |
| | | Audit charges | | | | | | | |
| | | Telephone Charges | | | | | | | |
| | | Printing/binding & Stationery | | | | | | | |
| | | Common Admission Test | | | | | | | |
| | | Advertisement & Notifications | | | | | | | |
| | | Motor vehicles | | | | | | | |
| | | Furniture & Fixtures | | | | | | | |
| | | Computers/Equipments | | | | | | | |
| | | Hire charges | | | | | | | |
| | | Repair/maintenance | | | | | | | |
| | | Travel & other allowances | | | | | | | |
| | | Medical expenses | | | | | | | |
| | | Security charges | | | | | | | |
| | | Others | | | | | | | |
| 6 | **STUDENT WELFARE EXPENSES** | University Union grant | | | | | | | *Youth Welfare; Physical education; Hostels.* |
| | | Youth festivals | | | | | | | |
| | | Sports related expenses | | | | | | | |
| | | Hostel expenses | | | | | | | |
| | | NSS | | | | | | | |
| | | Awards/Merits/Prizes | | | | | | | |
| | | Other student welfare activities | | | | | | | |

| Sl. No. | 1st Level | 2nd Level | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| 7 | <u>SCHOLARSHIP/ FELLOWSHIP/PRIZES</u> | State Govt | | | | | | | |
| | | UGC | | | | | | | |
| | | ICAR | | | | | | | *As UGC providing grants to Universities under Higher Education Department, ICAR is providing grants to KAU. Therefore ICAR may be incorporated as a separate 2nd level item under the following items:Payments,Scholarships/ Fellowships/ Prizes* |
| | | Other GOI agencies | | | | | | | |
| | | University | | | | | | | |
| | | Others | | | | | | | |
| | | Prizes | | | | | | | |
| 8 | <u>CHAIRS/ ENDOWMENTS</u> | Chairs | | | | | | | |
| | | Endowments | | | | | | | |
| 9 | <u>WORKS</u> | Departments | | | | | | | |
| | | Hostels | | | | | | | |
| | | Township | | | | | | | |
| | | Repair/Maintenance/Others | | | | | | | |
| 10 | <u>RESEARCH SCHEMES & PROJECTS</u> | State Govt | | | | | | | |
| | | UGC | | | | | | | |
| | | ICAR | | | | | | | |
| | | Other GOI agencies | | | | | | | |
| | | Others | | | | | | | |

| Sl. No. | 1st Level | 2nd Level | REVISED ESTIMATES | | | ACTUALS | | | Leads & Remarks |
|---|---|---|---|---|---|---|---|---|---|
| | | | N-Plan | Plan | Total | N-Plan | Plan | Total | |
| 12 | FARM ACTVITIES | Farm Development | | | | | | | *Expenses in connection with the production of various agricultural crops in the stations.* |
| | | Farm Advisory Work | | | | | | | |
| | | Farm Testing | | | | | | | |
| 13 | EXTENSION ACTIVITIES | | | | | | | | *All extension activities expenses related expense heads can be clubbed under this head* |
| | | Extension actvities | | | | | | | *expenses in connection with extension activities of the UTY* |
| 14 | DEBT HEADS | Provident Fund | | | | | | | |
| | | NPS | | | | | | | |
| | | Uty related | | | | | | | |
| | | External agencies | | | | | | | |
| | | Refundable Deposits | | | | | | | |
| | | Revolving Fund corpus | | | | | | | *Revolving Fund corpus extended for specific activities* |
| 15 | SELF- FINANCING INSTITUTIONS | Pay & Allowances | | | | | | | |
| | | Academic expenses | | | | | | | |
| | | Administrative expenses | | | | | | | |
| | | Works | | | | | | | |
| | | Others | | | | | | | |
| | | Debt Heads | | | | | | | |
| **TOTAL - C (PAYMENTS)** | | | | | | | | | |
| **CLOSING BALANCE (A+B-C)** | | | | | | | | | |

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-02-2017.

ഫയൽ നം.91116/എസ്റ്റാ.ഡി.1/2013/ധന. ഇനം നം: 697

വിഷയം : ധനകാര്യ വകുപ്പ് - കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് എയിംസിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സമർപ്പിക്കുന്നതിനായി ഒരു ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ഈ ഫോർമാറ്റ് നിർബന്ധമാക്കാനും അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

**കേരള സർക്കാർ**

**ശ്രീ.പിണറായി വിജയൻ മന്ത്രിസഭ**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 91116/എസ്റ്റാ.ഡി-1/2013/ധന |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് എയിംസിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ സമർപ്പിക്കുന്നതിനായി ഒരു ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ഈ ഫോർമാറ്റ് നിർബന്ധമാക്കാനും അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/01/17 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഫയൽ ധനകാര്യ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | എ.എം.ജാഫർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: കെ എം എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/01/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 31/01/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.റ്റി.എം.തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/01/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 02/02/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനായി ഒരു ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറുപ്പ്.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കർത്തവ്യ നിർവ്വഹണ പ്രവർത്തനങ്ങളുടെ പൂർണ്ണമായ സാങ്കേതികവല്ക്കരണത്തിനുള്ള വെബ് അധിഷ്ഠിത പരിഹാരമാണ് എയിംസ് (AIMS)-ഓഡിറ്റ് ഇൻഫർമേഷൻ മാനേജ് മന്റ് സിസ്റ്റം. സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് വകുപ്പിന് ഓൺലൈനായി സമർപ്പിക്കുക, ഓഡിറ്റ് പ്രവർത്തന രൂപരേഖ തയ്യാറാക്കുക, ഓഡിറ്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കുക, ഓഡിറ്റ് റിപ്പോർട്ട് അപഗ്രഥിക്കുക, റിപ്പോട്ടിനുമേൽ നടപടി ഉറപ്പുവരുത്തുക, റിപ്പോർട്ട് തീർപ്പാക്കുക എന്നിങ്ങനെയുള്ള പൂർണ്ണ ഓഡിറ്റ് പ്രവർത്തന ചക്രത്തിലെ വകുപ്പിന്റെ എല്ലാ കർത്തവ്യ നിർവ്വഹണ ആവശ്യകതയും പൂർണ്ണമായും തൃപ്തികരമായും സഫലീകരിക്കാൻ എയിംസ് സഹായിക്കുന്നു.

തദ്ദേശ സ്വയം ഭരണ സർക്കാരുകളുടെ അക്കൗണ്ടുകളുടെ ഓൺലൈൻ സമർപ്പണവും ഓഡിറ്റും എയിംസ് വഴി പൂർണ്ണമായും വിജയകരമായും നടപ്പിലാക്കി കഴിഞ്ഞു. എന്നാൽ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ, അവരുടെ അക്കൗണ്ടിംഗ് ഫോർമാറ്റിൽ ഐക്യരൂപം ഇല്ലാത്തതിനാൽ ഇത് എയിംസിന് അനുരൂപമാകുന്നില്ല. ഈ സാഹചര്യത്തിൽ, കേരളത്തിലെ സർവ്വകലാശാലകളുടെ അക്കൗണ്ടിംഗ് ഫോർമാറ്റുകൾ സമന്വയിപ്പിക്കുന്നതിനും വാർഷിക ധനകാര്യ പത്രികയുടെ സമർപ്പണം സുഗമമാക്കുന്നതിനുമായി ഒരു ഏകീകൃത ഫോർമാറ്റ് രൂപീകരിക്കുവാൻ തീരുമാനിക്കുകയും 29.02.2016 ലെ സ.ഉ (സാധാ) നം. 1898/2016/ധന നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, കേരള, കൊച്ചി, കോഴിക്കോട് സർവ്വകലാശാലകളിലെ ഫിനാൻസ് ഓഫീസർമാർ എന്നിവർ അംഗങ്ങളായും ഇതിനായി ഒരു വിദഗ്ധസമിതി രൂപീകരിക്കുകയും ചെയ്തു.

പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ കരട് ഫോർമാറ്റ് എല്ലാ സർവ്വകലാശാലകളുടേയും ഫിനാൻസ് ഓഫീസർമാർക്ക് നൽകി അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 'F2' ലെവലിൽ ഒരു പൊതുഫോർമാറ്റ് രൂപീകരിക്കുകയും ചെയ്തു. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ അനുശാസിക്കുന്ന പ്രകാരം സർവ്വകലാശാലകളുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനോടൊപ്പം ചില നേരിയ മാറ്റങ്ങളോടെ ടി കരട് ഫോർമാറ്റ് സ്വീകരിക്കാവുന്നതാണെന്ന് 09.09.2016-ൽ ചേർന്ന സ്റ്റാന്റേർഡൈസേഷൻ കമ്മിറ്റിയുടെ അഞ്ചാമത് യോഗത്തിൽ തീരുമാനിച്ചു. കെ.എഫ്.സി വാല്യം I, ആർട്ടിക്കിൾ 209, 210 എന്നിവയിലെ വ്യവസ്ഥകളോടൊപ്പം സർവ്വകലാശാലകളുടെ വാർഷിക ധനകാര്യ പത്രിക പ്രസ്തുത ഫോർമാറ്റിൽ എയിംസിലൂടെ സമർപ്പിക്കേണ്ടത് നിർബന്ധമാക്കുവാനും 2017-18 സാമ്പത്തിക വർഷം മുതൽ എല്ലാ സർവ്വകലാശാലകളും തങ്ങളുടെ വാർഷിക ധനകാര്യ പത്രിക ഈ ഏകീകൃത ഫോർമാറ്റ് പ്രകാരം സമർപ്പിക്കുവാൻ നിഷ്കർഷിക്കാനും ശുപാർശ ചെയ്തു.

മേൽ വിഷയം തീരുമാനത്തിനായി മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി അംഗീകാരം നൽകിയിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

I. കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക ധനകാര്യപത്രിക എയിംസിലൂടെ (AIMS) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനായി വിദഗ്ധസമിതി സമിതി തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഏകീകൃത ഫോർമാറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകാമോ?

II. കേരളത്തിലെ സർവ്വകലാശാലകൾ വാർഷിക ധനകാര്യപത്രിക കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് എയിംസിലൂടെ (AIMS) ഈ ഏകീകൃത ഫോർമാറ്റിൽ സമർപ്പിക്കുന്നത്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലും 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന നിർബന്ധിത വെളിപ്പെടുത്തലുകൾക്ക് ഉപരിയായി, 2017-18 സാമ്പത്തിക വർഷം മുതൽ നിർബന്ധമാക്കാമോ?